# കേരള മുഖ്യമന്ത്രി അറിയാൻ

## 2006 ജൂണിൽ കേരള മുഖ്യമന്ത്രിക്ക് പ്ലാച്ചിമട സമരസമിതിയും ഐക്യദാർഢ്യസമിതിയും നല്കിയ നിവേദനത്തിന്റെ പകർപ്പ്

**ശ്രീ. വി.എസ്. അച്ചുതാനന്ദൻ**
ബഹു. കേരളാ മുഖ്യമന്ത്രി

വിഷയം : പ്ലാച്ചിമട കൊക്കോകോള കമ്പനി അടച്ചുപൂട്ടണമെന്നും പ്ലാച്ചിമട പ്രശ്നം പരിഹരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനം.

പ്ലാച്ചിമട കൊക്കകോള കമ്പനി തദ്ദേശീയരായ ആദിവാസികൾ ഉൾപ്പെടെയുള്ളവർക്ക് വരുത്തിവച്ച ദുരിതങ്ങളാണ് അവരെ ഒരു പ്രക്ഷോഭത്തിലേക്ക് നയിച്ചതെന്നും, പ്രശ്നം പരിഹൃതമാകാത്തതുകൊണ്ട്, നാലു വർഷം കഴിഞ്ഞിട്ടും ഇപ്പോഴും സമരം തുടരുകയാണെന്നും അങ്ങേയ്ക്ക് അറിവുള്ളതാണല്ലോ. നാലു വർഷമായി സമരത്തിലേർപ്പെട്ടിരിക്കുന്നവരുമായി ഒരു ചർച്ചയ്ക്കുപോലും കഴിഞ്ഞ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഈ സമരത്തെ പിന്തുണച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിൽനിന്നും നീതിപൂർവ്വമായ നടപടികൾ ഉണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

പ്ലാച്ചിമട കൊക്കോകോള വിരുദ്ധസമരത്തിൽ അങ്ങ് വഹിച്ച പങ്കും, ഗവൺമെന്റിനെക്കൊണ്ട് ഭൂജലസംരക്ഷണനിയമം പ്രാബല്യത്തിൽ വരുത്തുന്നതിനുവേണ്ടി ഹൈക്കോടതിയിൽ ഹർജി നൽകിയതുൾപ്പെടെയുള്ള ഇടപെടലുകളും ഞങ്ങൾ ആദരപൂർവ്വം സ്മരിക്കുന്നു.

ഇപ്പോഴും പ്ലാച്ചിമടപ്രശ്നം പരിഹരിക്കാത്തതുകൊണ്ട് തദ്ദേശീയർ ദുരിതം പേറുകയാണ്. ഇത്രയും മഴ പെയ്തിട്ടും ടാങ്കർ ലോറിയെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. കൊക്കോകോള കമ്പനിയുടെ അമിതമായ ജലചൂഷണത്തിന്റെയും ഖരമാലിന്യങ്ങൾ മാനദണ്ഡങ്ങൾ പാലിക്കാതെ നിമജ്ജനം ചെയ്തതിന്റെയും ഫലമായി ചുറ്റുമുള്ള കിണറുകൾ മലിനീകരിക്കപ്പെട്ടതുൾപ്പെടെയുണ്ടായ പരിസ്ഥിതിപ്രശ്നങ്ങൾ പരിഹരിക്കുവാൻ ഫലപ്രദമായ നടപടി ഒന്നുംതന്നെ ഉണ്ടായിട്ടില്ല. അവിടെയുണ്ടായിട്ടുള്ള ഗുരുതരമായ ആരോഗ്യപ്രശ്നത്തിന്റെ രൂക്ഷത മനസ്സിലാക്കാൻ പ്ലാച്ചിമടയിലെ അംഗൻവാടിയിലെ കുഞ്ഞുങ്ങളുടെ ഭാരം കുറയുന്നതായുള്ള ഹെൽത്ത് റിപ്പോർട്ട് മാത്രം പരിശോധിച്ചാൽ മതിയാകും. അതുപോലെ കോളകമ്പനി കർഷകരെ തെറ്റിദ്ധരിപ്പിച്ച് കൃഷിയിടങ്ങളിൽ നിക്ഷേപിച്ച ഖരമാലിന്യം കൊണ്ട് ഉണ്ടായിട്ടുള്ള ഘനലോഹമലിനീകരണത്തിന്റെ വ്യാപ്തിയും തീവ്രതയും തിട്ടപ്പെടുത്താൻ നിരവധി നിവേദനങ്ങൾ സമർപ്പിച്ചിട്ടും മലിനീകരണനിയന്ത്രണബോർഡോ കൃഷിവകുപ്പോ ഇതുവരെയും തയ്യാറായിട്ടില്ല. ഈ കാര്യത്തിൽ ആധികാരികവും ശാസ്ത്രീയവുമായ പഠനത്തിനൊന്നും പ്ലാച്ചിമടയിലെ കൃഷിക്കാർക്കോ തദ്ദേശവാസികൾക്കോ ഒരു ശേഷിയുമില്ലെന്ന കാര്യം ഏവർക്കും അറിവുള്ളതാണ്. കൊക്കോകോള ഇത്രയും ഗുരുതരമായ കുറ്റം ചെയ്തിട്ടും അവർക്കെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല. ഖരമാലിന്യത്തെ സംബന്ധിച്ച സുപ്രീംകോടതി മോണിറ്ററിംഗ് കമ്മറ്റിയുടെ ശുപാർശകൾപോലും നടപ്പിലാക്കാൻ കോക്കോകോളകമ്പനി തുനിഞ്ഞിട്ടില്ല. എന്നാൽ അവരെ സഹായിക്കുന്ന നിലപാടുകളാണ് വിവിധ വകുപ്പുകൾ നടത്തിയിട്ടുള്ളത്. കോളയ്ക്കെതിരെയുള്ള സമരത്തിന്റെ പേരിൽ പാവപ്പെട്ട ആദിവാസിസമൂഹം ആഴ്ചതോറും കോടതി കയറിയിറങ്ങേണ്ട സാഹചര്യമാണുള്ളത്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ താഴെപ്പറയുന്ന നടപടികൾ അടിയന്തിരമായി കൈക്കൊള്ളണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

### കൊക്കോകോള കമ്പനിക്കെതിരെ ക്രിമിനൽ കുറ്റത്തിന് കേസ് ചാർജ്ജ് ചെയ്യുക

ദിവസംതോറും മൂന്നുലക്ഷം ലിറ്റർ മുതൽ പന്ത്രണ്ട് ലക്ഷം ലിറ്റർ ജലം അമിതവേഗത്തിൽ ഊറ്റി എടുത്തതിനും, പ്ലാച്ചിമടയിലെ കിണറുകൾ അടക്കമുള്ള കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെ മലിനീകരിച്ചതും, ഗുരുതരമായ ആരോഗ്യപരിസ്ഥിതികപ്രശ്നങ്ങൾ സൃഷ്ടിച്ചതിനും, കൃഷിയിടങ്ങൾ നശിപ്പിച്ചതിനും മലിനീകരണ നിയന്ത്രണനിയമം 1986 ജലം (ദുരുപയോഗവും മലിനീകരണവും നിയന്ത്രിക്കൽ) 1974, 1985, ജലസ്രോതസ്സുകൾ മലിനീകരിച്ചതിന് SC/ST Atrocities Act. പ്രകാരം കേസ് രജിസ്റ്റർ ചെയ്യുക.

## കൊക്കോകോള കമ്പനി എന്നന്നേക്കുമായി അടച്ചുപൂട്ടുക

ഗുരുതരമായ കുറ്റകൃത്യങ്ങൾ (Coporate Crime) ചെയ്ത കൊക്കോകോള കമ്പനി 2004 മാർച്ച് മാസം മുതൽ പ്രവർത്തനം നടത്താൻ കഴിയാതെ വന്നത് ജനകീയ ഇടപെടലുകൾ കൊണ്ടാണ്. ഒരു പ്രദേശത്താകെ ദുരിതം വിതയ്ക്കുകയും ഭാവിതലമുറക്കുതന്നെ ഭീഷണിയാക്കുന്ന വിധത്തിലുള്ള കുറ്റകൃത്യങ്ങൾ ആവർത്തിക്കരുതെന്നുറപ്പ് വരുത്തിക്കൊണ്ട് കമ്പനി എന്നന്നേക്കുമായി അടച്ചുപൂട്ടുന്നതിന് ആവശ്യമായ ഭരണനിയമ നടപടികൾ കൈക്കൊള്ളുക. ഇക്കാര്യത്തിൽ ഗവൺമെന്റാണ് തദ്ദേശീയവാസികളുടെ ജീവനും, ജീവനോപാധികൾക്കും സംരക്ഷകരെന്നും, ഭാവിയിൽ പ്ലാച്ചിമടകൾ ആവർത്തിക്കാൻ ആരെയും അനുവദിക്കില്ലെന്ന് ഭരണഘടനയുടെ 21-ാം വകുപ്പ് ഉപയോഗിച്ച് കുടിവെള്ളത്തിനുള്ള, ജീവിക്കാനുള്ള അവകാശം ഉറപ്പിക്കണം.

## തദ്ദേശവാസികൾക്ക് നഷ്ടപരിഹാരം നൽകുക

"Polluter Pay" എന്ന തത്വപ്രകാരം കൊക്കോകോള കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണം. പ്ലാച്ചിമടയുടെ ചുറ്റും രണ്ടര കിലോമീറ്റർ വരുന്ന പ്രദേശത്തെ തദ്ദേശീയരുടെ ജീവനും ജീവനോപാധികൾക്കും അപകടകരമായ രീതിയിൽ താഴെപ്പറയുന്ന കഷ്ടനഷ്ടങ്ങൾക്ക് കമ്പനി ഉത്തരവാദിത്വം വഹിക്കണം.

എ. അമിതമായ ജലചൂഷണം കാരണം ചുറ്റുമുള്ള കിണറുകളുൾപ്പെടെയുള്ള ഭൂജലവിതാനം ഗണ്യമായി കുറഞ്ഞു. (കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റും കേന്ദ്ര ഭൂഗർഭജലബോർഡും നടത്തിയ The Dynamic Resource of Ground Water 2004 എന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്ലാച്ചിമടയുൾപ്പെടെയുള്ള പ്രദേശം Over Exploited Area ആയി പ്രഖ്യാപിച്ചിട്ടുണ്ട്. സമരത്തിൽ ഉന്നയിച്ചിരുന്ന ഭൂജലവിതാനം കുറഞ്ഞതിനെ സംബന്ധിച്ച് ഞങ്ങൾ ഉന്നയിച്ച ആരോപണങ്ങൾ സത്യസന്ധമാണെന്നതിന് തെളിവാണത്. അങ്ങിനെ ജനങ്ങളുടെ കിണറുകളടക്കമുള്ള കുടിവെള്ള സ്രോതസ്സുൾപ്പെടെയുള്ള ഭൂഗർഭജലം എന്നന്നേക്കുമായി നഷ്ടപ്പെടുത്തിയതിന്

ബി. പ്ലാച്ചിമടയിലും പരിസരപ്രദേശങ്ങളിലും പരിസരമലിനീകരണവും അതുമൂലമുണ്ടായ കഷ്ടനഷ്ടങ്ങൾക്കും ഉത്തരവാദി കോളകമ്പനിയാണെന്ന് നിസംശയം തെളിഞ്ഞിട്ടുള്ളതാണ്. പ്ലാച്ചിമട കമ്പനിയിൽനിന്നും ഒഴുക്കിവിട്ട മലിനജലവും ഖരമാലിന്യങ്ങളും വമ്പിച്ച പരിസ്ഥിതി പ്രശ്നങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. കൃഷിക്കാരെ തെറ്റിദ്ധരിപ്പിച്ച് ഈ ഖരമാലിന്യം വളമായി നൽകിയത് പാവപ്പെട്ട കൃഷിക്കാർ തങ്ങളുടെ കൃഷിയിടങ്ങളിൽ നിക്ഷേപിച്ചതുകൊണ്ടുണ്ടായ സ്ഥിതിവിശേഷത്തെക്കുറിച്ച് ബി.ബി.സി. പുറത്തുവിട്ടിട്ടുള്ള വിവരങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. അതുപോലെ കേരള മലിനീകരണ നിയന്ത്രണബോർഡ് പല ഘട്ടങ്ങളിലും 19-9-05 ൽ പുറപ്പെടുവിച്ച ഉത്തരവിലും കോളകമ്പനി വരുത്തിയിട്ടുള്ള ഖരലോഹ മലിനീകരണത്തിലേക്ക് വെളിച്ചം വീശിയിട്ടുള്ളതാണ്. ആരോഗ്യവകുപ്പ് ചുറ്റുമുള്ള കിണറുകളിൽനിന്നെടുത്ത സാമ്പിൾ പരിശോധനയിൽ ചുറ്റുമുള്ള കിണറുകൾ മലിനപ്പെട്ടതിന്റെ പരിശോധനാറിപ്പോർട്ടുകൾ പരസ്യപ്പെടുത്തുകയുണ്ടായി. 2004 മാർച്ച് 27 ന് കേരള ജലവിഭവവകുപ്പുമന്ത്രി നിയമസഭയിലെ ശ്രദ്ധക്ഷണിക്കലിനു മറുപടിയായി പറഞ്ഞത് പ്ലാച്ചിമടയിലെ കുടിവെള്ള മലിനീകരണം കമ്പനിയിൽനിന്നുള്ള പാഴ്ജലം കൊണ്ടാണെന്നാണ്. ഇതുമൂലം കൃഷിയിടങ്ങളിലുണ്ടായ മലിനീകരണം, കുടിവെള്ള മലിനീകരണം, ആരോഗ്യപ്രശ്നങ്ങൾ, ചുരുക്കത്തിൽ ജീവനും ജീവനോപാധികൾക്കും വമ്പിച്ച നഷ്ടം വരുത്തിയതിന്. കൊക്കോകോള കമ്പനിയിൽനിന്നും പല രാജ്യങ്ങളും ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾക്ക് നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ട്. അതുപോലെ കൊക്കോകോള കമ്പനിയിൽനിന്നും നഷ്ടപരിഹാരം ഈടാക്കി ദുരിതം അനുഭവിക്കുന്ന തദ്ദേശീയർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കണം.

## സുപ്രീംകോടതി കേസ് നടത്തിപ്പിൽ പ്രത്യേക അഭിഭാഷകനെ നിയമിക്കണം

പ്ലാച്ചിമട കൊക്കോകോള കമ്പനിക്കനുകൂലമായ ഹൈക്കോടതി വിധിക്കെതിരെ സംസ്ഥാന സർക്കാർ അപ്പീൽ നൽകാൻ കഴിഞ്ഞ സർക്കാർ തയ്യാറായിട്ടുണ്ട്. എന്നാൽ ഹൈക്കോടതിയിൽ കേസ് പരിഗണനയ്ക്കുവന്നപ്പോൾ വളരെ ദുർബ്ബലമായ വാദമുഖങ്ങളാണ് സർക്കാർ അഭിഭാഷകൻ നിരത്തിയത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിരവധി കേസുകളിൽ നിരന്തരം സർക്കാർഭാഗം പരാജയപ്പെടുന്ന കാഴ്ചയാണ് കാണാനായത്. പ്ലാച്ചിമടയുടെ കാര്യത്തിലും അതാണ് സംഭവിച്ചത്. ജനങ്ങൾക്ക് നീതി ലഭിച്ചില്ല. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിക്കെതിരെ അപ്പീൽ പോകാൻ കഴിഞ്ഞ സർക്കാർ തയ്യാറായിട്ടുണ്ട്. ആയതിനാൽ സുപ്രീംകോടതിയില് നിഷ്പക്ഷനായ, കഴിവുള്ള ഒരു അഭിഭാഷകനെ നിയമിക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. പെരുമാട്ടി ഗ്രാമപഞ്ചായത്ത് കേസ് നടത്തുവാൻ സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലാണ്. ഇക്കാര്യത്തിൽ പഞ്ചായത്തിന് ഗവൺമെന്റ് മതിയായ സാമ്പത്തിക സഹായം നൽകണം.

## പ്രക്ഷോഭത്തിലേർപ്പെട്ടിരിക്കുന്നവരുടെ പേരിലുള്ള കേസുകൾ പിൻവലിക്കണം

പ്ലാച്ചിമട പ്രക്ഷോഭവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസുകൾ നടത്താൻ പോലും നിവൃത്തിയില്ലാത്ത സാഹചര്യമാണുള്ളത്. മിക്കവാറും എല്ലാ ആഴ്ചയും ഈ കേസിന്റെ കാര്യങ്ങൾക്കായി കോടതിയിൽ ഹാജരാകേണ്ടി വരുന്നതുമൂലം ജോലിക്ക് പോകുവാൻപോലും കഴിയാത്ത സ്ഥിതിവിശേഷമാണുള്ളത്. പുതുനഗരം പോലീസ് ചാർജ്ജ് ചെയ്ത CC150/2004, CR 470/04 ചിറ്റൂർ പോലീസ്സ് സ്റ്റേഷൻ ചാർജ്ജ് ചെയ്ത CC18/04, CC 117/03, CR 106/02, CC153/02, CR 124/02 ഈ കേസുകൾ പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## ജലവിഭവങ്ങൾക്കുമേലുള്ള അവകാശം

കേരളീയസമൂഹത്തിന്റെയും, രാഷ്ട്രീയ കക്ഷികളുടെയും, പഞ്ചായത്തിന്റെയും പിന്തുണ ഉണ്ടായിട്ടും കഴിഞ്ഞ നാലു വർഷമായി പ്ലാച്ചിമടപ്രശ്നം പരിഹരിക്കപ്പെടാതെ പോയതിന്റെ കാരണങ്ങളിൽ പ്രധാനമായത് നിയമങ്ങളിലെ അപര്യാപ്തതയും, ബന്ധപ്പെട്ട വകുപ്പുകളിലെ അഴിമതിയും, കെടുകാര്യസ്ഥതയും മറ്റുമാണ്. കേരള ഭൂജല

നിയന്ത്രണനിയമം 2002 ൽ നിയമസഭ പാസ്സാക്കിയിട്ട്, അത് പ്രയോഗത്തിൽ വരുത്താൻ മൂന്നുകൊല്ലം വേണ്ടിവന്നു.

കേരള ഭൂഗർഭജലനിയന്ത്രണ ആക്ട് 2002 പ്രകാരം പ്ലാച്ചിമടയുൾപ്പെടുന്ന ചിറ്റൂർ, അതിയന്നൂർ, കോഴിക്കോട്, കൊടുങ്ങല്ലൂർ, കാസർഗോഡ് എന്നീ ബ്ലോക്കുകൾ Over Exploited Area ആയി നോട്ടിഫൈ ചെയ്തിട്ടുണ്ട്. നോട്ടിഫൈ ചെയ്തതല്ലാതെ തുടർനടപടികൾക്കൊന്നും സർക്കാർ തുനിഞ്ഞിട്ടില്ല. കേരള ഭൂജലവകുപ്പും കേന്ദ്ര ഭൂജലബോർഡും സംയുക്തമായി നടത്തിയ പഠനറിപ്പോർട്ട് (The Dynamic Ground Water Resources of Kerala 2004) കേരളത്തിലെ ഭൂഗർഭജല ക്ഷാമത്തെ സംബന്ധിച്ച് ഗൗരവമായ സ്ഥിതിവിശേഷത്തെക്കുറിച്ചാണ് മുന്നറിയിപ്പ് നൽകുന്നത്. എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിന് അനിവാര്യമായ ജലവിഭവം പ്രകൃതിയുടെ വരദാനമാണ്. അത് സമൂഹത്തിന്റെ ആകെ പൊതുസ്വത്താണ് (Democratic Resource) വളരെ നീതിപൂർവ്വവും സമത്വപൂർണ്ണവുമായി അത് ഉപയോഗിക്കപ്പെടേണ്ടതാണ്. എന്നാൽ ജലം ഉൾപ്പെടെയുള്ള വിഭവത്തിനുമേൽ ഒരവകാശവും പഞ്ചായത്തിനോ ഗവൺമെന്റിനോ പോലുമില്ലെന്ന വ്യക്തമായ സൂചനയാണ് പ്ലാച്ചിമട കേസിലെ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധി. ജലത്തിന്റെ മേൽ പൂർണ്ണമായ അവകാശം സമൂഹത്തിനുണ്ടായിരിക്കണമെന്ന് സ്റ്റേറ്റ് ഉറപ്പാക്കേണ്ടതുണ്ട്. ജീവസംരക്ഷണം, ജലസ്രോതസ്സുകളുടെ വികസനം, വിനിയോഗം, അവകാശം തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള അധികാരഘടനയും നിയമങ്ങളും ഇതിനായി ഇനിയും രൂപപ്പെടേണ്ടതുണ്ട്. കേരളത്തിന് ഇത്തരമൊരു ജനകീയ ജലനയം രൂപപ്പെടണം.

ഭൂജല അതോറിറ്റി ഇപ്പോൾ നോട്ടിഫൈഡ് ഏരിയയായി പ്രഖ്യാപിച്ചിരിക്കുന്ന ചിറ്റൂർ അടക്കമുള്ള ബ്ലോക്കുകളിൽനിന്നും വ്യാവസായിക ആവശ്യത്തിന് ജലം ഊറ്റുന്നത് നിരോധിക്കണം. അതിനായി അങ്ങ് നേതൃത്വം നൽകുന്ന ഗവൺമെന്റ് അടിയന്തിരനടപടികൾ സ്വീകരിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

മുകളിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളെ സംബന്ധിച്ച് അടിയന്തിരമായി ഞങ്ങളുമായി ചർച്ച ചെയ്യണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

| ആർ. അജയൻ | വേലൂർ സ്വാമിനാഥൻ | മയിലമ്മ | വിളയോടി വേണുഗോപാൽ |
|---|---|---|---|
| കൺവീനർ | കൺവീനർ | വനിതാ പ്രതിനിധി | രക്ഷാധികാരി |

പ്ലാച്ചിമടസമര ഐക്യദാർഢ്യസമിതി — കൊക്കോകോള വിരുദ്ധ സമരസമിതി, പ്ലാച്ചിമട, കന്നിമാരി, പാലക്കാട്


## ഡോക്യുമെന്ററി സിനിമകൾ

കയ്പ് നീര് പ്ലാച്ചിമട / (മലയാളം)

**Bitter Drink** (English) കൊക്കകോള സമരം/25 മിനിറ്റ്.

കനവ് : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല) ത്തെക്കുറിച്ച്. / 35 മിനിറ്റ്.

ബാക്കിപത്രം: ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച് / 35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം: തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം)

27 മിനിട്ട്, പ്ലാച്ചിമട, സംവിധാനം ദയ, പ്രശാന്ത്

കരിമുകൾ, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി, സംവിധാനം മണിലാൽ.

പുഴ ജീവനുവേണ്ടി (River for Life) സംവിധാനം അമിതാബച്ചൻ, 34 മിനിട്ട്.

വെള്ളക്കള്ളൻ (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി, 30 മിനിട്ട്.

പുഴയുടെ അവകാശികൾ (River Dam Damn) സംവിധാനം മണിലാൽ, 24 മിനിട്ട്.

Source of Life for Sale, 60 mts., Direction K.P. Sasi

വി.സി.ഡി/ഡി.വി.ഡി/വി.എച്ച്.എസ് കാസറ്റ്.
കോപ്പികൾക്കും പ്രദർശനത്തിനും

കേരളീയം

കൊക്കാലെ, തൃശൂർ 21.
ഫോൺ : 0487-2421385, 9447674375

## കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക

- മനുഷ്യബോധം എന്ന അത്ഭുതം
  മുഖ്യലേഖനം/പഠനം: കെ.എ. ജയശീലൻ
  കുറിപ്പ്, പഠനം, നിരീക്ഷണം, അഭിമുഖം, പുസ്തകപരിചയം, ലേഖനം....
  ഗസ്റ്റ് എഡിറ്റർ : മുകുന്ദനുണ്ണി
- ആയുർവ്വേദത്തിന്റെ ആരോഗ്യം?
  ഗസ്റ്റ് എഡിറ്റർ : ഡോ. എം. പ്രസാദ്
- സാമ്പത്തിക പതിപ്പ്-ധനകാര്യസ്ഥാപനങ്ങൾ
  ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി
- മഴ - അറിവ്, അനുഭവം
  ഗസ്റ്റ് എഡിറ്റർ : വി.എം. ഗിരിജ
- കുടുംബം, ലൈംഗികത
  ഗസ്റ്റ് എഡിറ്റർ : ഡോ. ജയശ്രീ
- കൃഷിയുടെ വർത്തമാനം, ഭാവി
- സഹകരണമേഖല: വർത്തമാനം, ഭാവി

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

*P.G. Centre*

North Bus Stand, Thrissur-20. Ph : 2338983, 2331714
e-mail : trc_postgrad@sancharnet.in.